# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.4, 3.1 പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയ 41,600/- (നാല്പത്തി ഒന്നായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ, 81,620/- (എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപ എന്നീ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2807/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 16.08.2017

പരാമർശം:-

1) അടാട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30.12.2013-ലെ ബി2-7756/13(1) നമ്പർ കത്ത്, 04.06.2015-ലെ ബി2/8792/13(1) നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 20.07.2015 തീയതിയിലെ എം3/22900/15 നമ്പർ കത്ത്.
3) അടാട്ട് ഗ്രാമപഞ്ചായത്തിലെ 10.12.2013 തീയതി നടന്ന സാധാരണ യോഗത്തിലെ 115(2)(13) നമ്പർ തീരുമാനം.
4) അടാട്ട് ഗ്രാമപഞ്ചായത്തിലെ 14.07.2014 ന് നടന്ന സാധാരണ യോഗത്തിലെ 59(26)(14) നമ്പർ തീരുമാനം.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.4, 3.1 പ്രകാരം 41,600/- (നാല്പത്തി ഒന്നായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപ, 81,620/- (എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപ എന്നീ ചെലവുകൾ തടസ്സപ്പെടുത്തിയിരുന്നു. ഇതിൽ ആദ്യത്തെ തടസ്സപ്പെടുത്തൽ സർക്കാരിന്റെ അനുമതിയില്ലാതെ സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയമിനത്തിൽ അധികം നൽകിയ 41,600/- രൂപയുടേയും രണ്ടാമത്തേത് ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഇലക്ട്രീഷ്യന്മാരെ നിയമിച്ചതു മുഖേന ഉണ്ടായ 81,620/-രൂപയുടെയും ചെലവിനെയാണ്.

മേൽഖണ്ഡികയിൽ വിവരിച്ച രണ്ട് തടസ്സപ്പെടുത്തലുകളും സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് അടാട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന 1 കത്തുകൾ പ്രകാരവും പഞ്ചായത്ത് വകുപ്പ് ഡയറക്ടർ സൂചന 2 കത്ത് പ്രകാരവും അപേക്ഷ സർക്കാരിൽ സമർപ്പിയ്ക്കുകയുണ്ടായി. കൂടാതെ ഈ ചെലവുകൾ സാധൂകരിച്ച് നൽകാവുന്നതാണെന്ന് അടാട്ട് ഗ്രാമപഞ്ചായത്തിൽ 10.12.2013, 14.07.2014 തീയതികളിൽ നടന്ന സാധാരണ യോഗത്തിൽ സൂചന 3, 4 പ്രകാരം

തീരുമാനവുമെടുത്തിട്ടുണ്ട്. അതോടൊപ്പം ഈ ചെലവുകളുടെ സാധൂകരണം അനുവദിയ്ക്കുന്നതിന് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറും ശിപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. ആയതിൻ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്ത് ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന പഞ്ചായത്താണെന്നുള്ള വസ്തുത പരിഗണിച്ചും, ആയതിനാൽ ഇത്തരം പഞ്ചായത്തുകൾക്ക് പ്രവ്ർത്തനനിലവാരം നിലനിർത്തുന്നതിന് സ്വന്തം ഫണ്ടിൽ നിന്നും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വകയിരുത്തുന്നതിന് സ്വാതന്ത്ര്യം നൽകാവുന്നതിനാലും സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം അനുവദിച്ച വകയിൽ ചെലവായ 41,600/- (നാല്പത്തി ഒന്നായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകിയും അപ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2011-2012 ലെ ഓഡിറ്റ് ഖണ്ഡിക 3.4 ലെ തടസ്സപ്പെടുത്തൽ ഒഴിവാക്കിയും അതോടൊപ്പം ടി പഞ്ചായത്തിൽ നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിച്ചതിനാൽ 2012-13 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 81,620/-(എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപയുടെ ചെലവിന്, ടി പദ്ധതി (തെരുവ് വിളക്കുകൾ വാങ്ങൽ, റിപ്പയർ) ഒരു വൻവിജയമായതിനാലും ടി പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതി കേരളത്തിലെ മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാണെന്ന വസ്തുത പരിഗണിച്ചും പ്രസ്തുത തടസ്സപ്പെടുത്തൽ സാധൂകരിച്ചുകൊണ്ടും സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സന്തോഷ്.വി.എസ്.
അണ്ടർ സെക്രട്ടറി

സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ